# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-പികെഡി14/210/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി-21.01.2017

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
അകത്തേത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അകത്തേത്തറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-1,3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം. കെ എസ് എ-പികെഡി14/210/2017 തിയ്യതി : 21.01.2017

## പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 9-2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 29-9-2016 ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 1-6-2016 മുതൽ 13-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 9/2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| സാംഖ്യ രശീതികൾ | 9098 |
| മാന്വൽ രശീതികൾ – | 3 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശൊധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-10-2016 മുതൽ 20-10-2016വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ പി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ ചാമിക്കുട്ടി.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി നസീറാബാനു.എ | -ടി- |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. വത്സല ചന്ദ്രൻ | 1-4-15 മുതൽ 31-10-2015.വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | ശ്രീ. ഡി.സധാശിവൻ | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ വി.കലാധരൻ | 1-4-2015 മുതൽ 31-3-2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.തുളസീധരൻ.ജി. | 9.1.2015 മുതൽ 31.3.2015 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഗോപകുമാർ.സി. | 1-4-2015 മുതൽ 31-3-2016 |
| അസി.എഞ്ചിനീയർ | ശ്രീ.അരുൺ.ജെ.പ്രതാപ് | 1-4-2015 മുതൽ 31-3-2016 |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.സി.കെ.ഐബി. | 1-4-2015 മുതൽ 31-3-2016 |
| മെഡിക്കൽ ഓഫീസർ | ശ്രീമതി.ജൂമിത.യു.ജി. | 1-4-2015 മുതൽ 31-3-2016 |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ശ്രീ.ബാബു.യു. | 1-4-2015 മുതൽ 31-3-2016 |
| വെറ്ററിനറി സർജൻ. | വേലായുധകുമാർ | 1-4-2015 മുതൽ 31-3-2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അഫ്സ.എം.എസ്. | 1-4-2015 മുതൽ 31-3-2016 |
| കൃഷി ഓഫീസർ | ശ്രീമതി.ദീപ്തി.എസ് | 1-4-2015 മുതൽ 31-3-2016 |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സരസ്വതി.പി | 1-4-2015 മുതൽ 31-3-2016 |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2(1) |
| 2 | തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2(2) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പ്രൈമറി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ - മാർഗ്ഗ് രേഖയ്ക്ക് വിരുദ്ധമായി ചെലവ് - തുക തടസ്സപ്പെടുത്തുന്നു. | 3(1) |
| 2 | സാധനങ്ങൾ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർപർച്ചേസ് മാന്വലിലേയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3(2) |

| | | |
|---|---|---|
| 3 | കുടുംബശ്രീയുടെ അക്കൌണ്ടിലെ ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. | 3(3) |
| 4 | ഐ.എ.വൈ. ഭവന നിർമ്മാണം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3(4) |
| 5 | മീഡിയാശ്രീ പദ്ധതി ചെലവ് വിവരം ലഭ്യമല്ല. തുക തടസ്സപ്പെടുത്തുന്നു. | 3(5) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷങ്ങളിലെ ബജറ്റ്/ പുതുക്കിയ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി/തീരുമാനം നമ്പർ |
|---|---|
| 2015-16 | തീരുമാനം- നമ്പർ 1തിയതി :18-3-2015 |

ബജറ്റ് പരിശോധിച്ചതിൽ പഞ്ചായത്ത് ഗൗരവ സമീപനം കൈകൊണ്ടിട്ടില്ല എന്നുകാണാം. ഉദാഹരണമായി ഡി &ഒ ലൈസൻസിനായി ബജറ്റ് നിർദ്ദേശം 4330/- രൂപയാണ്. എന്നാൽ യഥാർത്ത ഡിമാന്റ് 81880/- രൂപയാണ്.(ഇരുപത് ഇരട്ടിയിലധികം തുക). കെട്ടിട നികുതിക്ക് വകയിരുത്തിയതിലും 15% കുറവായിട്ടാണ് യഥാർത്ത ഡിമാന്റ് കണകാക്കിയിരിക്കുന്നത്. പരസ്യനികുതിയായി 17252/- രൂപ വകയിരുത്തിയിട്ടുണ്ടെണ്ടെങ്കിലും യാതൊരു തുകയും ഡിമാന്റ് ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2015 | 17-9-2016 | 19-9-2016 | 6-10-2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 15-10-2016 | - |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 19132994 | 36596426 | 55729420 | 52209681 | 3519739 |

*മുന്നിരിപ്പും നീക്കിയിരിപ്പും കയ്യിരിപ്പ് പണം ഉൾപ്പെടെ

## 1-5 ഫണ്ട് വിനിയോഗം

2015-16

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | മറ്റു ഫണ്ടു കളിൽ നിന്നും നിക്ഷേ പിച്ചത് | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2442610 | 6028276* | 9085000 | 17555886 | 10374412 | | 7181474** |
| വികസന ഫണ്ട് (എസ്.സി.പി) | 3360214 | | 4961000 | 8321214 | 3860522 | 2303714*<br>2156978** | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 134199 | | 256000 | 390199 | 167650 | 4199*<br>218350** | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 430886 | | 3794000 | 4224886 | 3658584 | 566302** | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2127889 | | 2990000 | 5117889 | 2610196 | 2507693** | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 993804 | | 6719006 | 7712810 | 4537410 | 2653299*<br>522101** | 0 |
| ലോക ബാങ്ക് സഹായം | 3713880 | | - | 3713880 | 2646816 | 1067064* | 0 |

* VPFA II ലേക്ക് അടച്ചത്

** സർക്കാരിലേക്ക് തിരിച്ചടച്ചത്

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 15-16 | 180 | 57420971 | 149 | 31544561 | - | 31 | 82.77 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 2627430 | 1909935 | 73 % |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 997700 | 657850 | 66 % |
| വി.ഇ.ഒ | 10 | 8 | 9199000 | 1910100 | 21% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 14 | 4712324 | 3330634 | 71% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 85 | 68 | 24370628 | 15453522 | 63% |
| മെഡിക്കൽ ഓഫീസർ -PHC | 6 | 6 | 685000 | 572533 | 84% |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 600000 | 600000 | 100% |
| എച്ച്.എം | 19 | 15 | 1804209 | 1756222 | 97% |
| അസി. സെക്രട്ടറി | 9 | 3 | 4149000 | 2240000 | 54% |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 0 | 300000 | 0 | 0% |

# 1-7 ക്ഷേമ പദ്ധതികൾ

1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 356 | 325 | 31 | ബാധകമല്ല |
| 2 | തൊഴിൽ രഹിത വേതനം | 80 | 80 | 0 | -ടി- |
| 3 | വിധവാ പെൻഷൻ | 784 | 774 | 10 | -ടി- |
| 4 | വികലാംഗ പെൻഷൻ | 221 | 221 | 0 | -ടി- |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 58 | 56 | 2 | -ടി- |
| 6 | വാർദ്ധക്യകാല പെൻഷൻ | 1332 | 1269 | 63 | -ടി- |

# 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷം തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് / വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | (-) |
| നികുതി വരവുകൾ | 8254743 | 6609417 | 1645326 | -20% |
| നികുതിയേതര വരവുകൾ | 1037728 | 1791635 | 753907 | + 73% |
| മറ്റു വരവുകൾ | 7190212 | 6607226 | 582986 | -8% |
| ആകെ | 16482683 | 15008278 | 1474405 | -9% |

## 1-9 കാഷ് വെറിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-10-2016 ലെ 3.00 pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12086 രൂപയുടെ രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-9-2016 | 1-7-16 മുതൽ 31-8-16 വരെ | 20-9-2016 | ഒന്നുമില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4-11-2014 | 2009-10 മുതൽ 2013-14 വരെ | 12-12-2014 | ഒന്നുമില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | രണ്ടാം അർദ്ധവർഷം | 1250 |
| 2 | വേണു ഗോപാൽ ചിറ്റ്സ് ഇന്ത്യ(പ്രൈ)ലിമിറ്റഡ് | -ടി- | 1250 |
| 3 | A to Z സൂപ്പർ മാർക്കറ്റ് , നടക്കാവ് | -ടി- | 1250 |

| | | | |
|---|---|---|---|
| 4 | അകത്തേത്തറ കോ-ഓ-മിൽക്ക് സപ്ലൈ സൊസൈറ്റി | -ടി- | 1250 |
| | | ആകെ | 5000 |

മേൽ പറഞ്ഞ സ്ഥപനങ്ങളിലെ സ്ഥപന തൊഴിൽ നികുതി ഇടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതി പരിശോധനയിൽ കണ്ടത്തിയ അപാകതകൾ

- തൊഴിൽ നികുതി നിർണ്ണയം സംബന്ധിച്ച റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ / ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി പിരിവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആകട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിൽ LSGD എഞ്ചിനീയറിംഗ് സെക്ഷനുമായി ബന്ധപ്പട്ട് പ്രവർത്തിക്കുന്ന കോൺട്രാക്റ്റർമാരിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കോൺട്രാക്റ്റർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

1. സാബു ജോർജ്
2. സുരേഷ് ബാബു
3. കെ.സി. തോമസ്
4. എൽജോ ജോർജ്
5. രാമദാസ്.വി
6. കെ.രമണൻ
7. നിജോ.പി.സെബാസ്റ്റ്യൻ
8. പി.കെ സെബാസ്റ്റ്യൻ
9. കണ്ടൻകുട്ടി
10. ഗുരുസ്വാമി
11. ജാനിൽ ജേക്കബ്
12. സേവ്യർ ജോർജ്

13. കെ.കണ്ണൻ

മേൽ വ്യക്തികളിൽ നിന്നും 2015-16 വർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കാത്തത് ബന്ധപ്പെട്ട് 19-10-2016 ലെ നൽകിയ 2-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ തനത് വരുമാനം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൈമറി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ - മാർഗ്ഗ് രേഖയ്ക്ക് വിരുദ്ധമായി ചെലവ് - തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ : 52/16

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പരിശീലനം - ചെലവ് : 121500 രൂപ (വികസന ഫണ്ട് എസ്.സി.പി)

ബിൽ നമ്പർ : 11 /15-16 തിയതി : 31-3-2016

പ്രോജക്റ്റ് നമ്പർ : 54/16

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം - ചെലവ് : 26250 രൂപ (വികസന ഫണ്ട് ടി.എസ്.പി)

ബിൽ നമ്പർ : 12 /15-16 തിയതി : 31-3-2016

നിർവ്വഹണം : ഹെഡ് മാസ്റ്റർ, ഗവൺമെന്റ് യു.പി. സ്കൂൾ

പട്ടിക ജാതി വിദ്യാർത്ഥികൾ 162 പേർക്കും, പട്ടിക വർഗ്ഗ വിദ്യാർത്ഥികളായ 45 പേർക്കും, ഒരു കുട്ടിക്ക് ദിവസം ഒരു മണിക്കൂർ വീതം 50ദിവസത്തേക്ക് രാവിലത്തെ ഭക്ഷണം (Breakfast) നൽകുന്നതിലൂടെ അവരുടെ പഠന നിലവാരം മെച്ചപ്പെടുത്താമെന്ന ലക്ഷ്യത്തോടെ മേൽ പറഞ്ഞ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റിന ഹാജരാക്കിയ ഫയലുകൾ പരിശോദിച്ചതിൽ കുട്ടികൾക്ക് 50 ദിവസത്തെ രാവിലത്തെ ഭക്ഷണം നൽകിയ വകയിൽ രണ്ട് പദ്ധതികളിലുമായി യഥാക്രമം 121500രൂപയും, 26250 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ വേണ്ടി നൽകിയ പരിശീലനം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. 18-10-2016 ലെ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

12-ാം പദ്ധതി മാർഗ്ഗ രേഖയിലെ , 16-11-2013 ലെ സ.ഉ. (എം.എസ്. ) നമ്പർ 362/2013/ത.സ്വ.ഭ.വ -ൽ, പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി നിരവധി പരിപാടികൾ എസ്.എസ്.എ. നടപ്പിലാക്കി വരുന്നുണ്ട്. അനുപൂരകമായ ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ എസ്.എസ്. എ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.

ഓണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകർ / വിദ്യാസമ്പന്നരായ യുവതിയുവാക്കളെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണെന്നും, സന്നദ്ധ പ്രവർത്തനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ യോഗ്യരായ പുറമെയുള്ള അദ്ധ്യാപകരുടെ സേവനത്തിന് വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിന് 3000 രൂപ എന്ന പരിധിക്ക് വിധേയമായി വികസന ഫണ്ട് ചെലവഴിക്കാവുന്നതാണെന്നും പറയുന്നുണ്ട്.
മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി രണ്ട് പദ്ധതികളിലെ ചെലവിനങ്ങൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല. വരും വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്ന് ഇത്തരം ചെലവുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 സാധനങ്ങൾ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർപർച്ചേസ് മാന്വലിലേയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| ക്രമ നമ്പർ | പ്രോജക്ട് | പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം.& തിയതി |
|---|---|---|---|---|---|
| 1 | പത്രം മിത്രം | 51/16 | 20000 | 9450<br>10500 | 1/15-16<br>28-9-15<br>8/15-16<br>16-2-16 |
| 2 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ | 53/16 | 16200 | 16200 | 8/15-16<br>13-1-16 |
| 3 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ | 55/16 | 17500 | 11400 | 7/15-16<br>13-1-16 |

21-6-2013 ലെ ജി.ഒ.(പി) 3/2013 എസ്.പി.ഡി നമ്പർ സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഉത്തരവിൽ 15000 രൂപയിൽ കൂടുതലുള്ള ബുക്കുകളും, പീരിയോഡിക്കലുകളും, പ്രധാന പ്രസാധകരിൽ നിന്നും സിംപിൽ ക്വട്ടേഷൻ ക്ഷണിക്കുകയും, പരമാവധി ഡിസ്കൗണ്ട് തരുന്ന ക്വട്ടേഷൻ അനുസരിച്ച് വാങ്ങുകയും ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പദ്ധതികളുടെ അടങ്കൽ 15000 രൂപയിൽ കൂടുതലായതുകൊണ്ടും, ക്രമ നമ്പർ 2,3 എന്നീ രണ്ട് പദ്ധതികൾ ഒരേ സ്വഭാവമുള്ളതിനാലും ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ വാങ്ങലുകൾ നടത്തിയിട്ടുള്ളത് സ്റ്റോർ പർച്ചേയ്സ് മാന്വലിലെ നിയമങ്ങൾക്ക് വിരുദ്ധമാണ്. എല്ലാ വാങ്ങലുകളും പ്രൊക്യോർമെന്റ് കമ്മിറ്റിയുടെ ശുപാർശ്ശയുടെയും, തീരുമാനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം.വാങ്ങലുകൾ നടത്തുമ്പോൾ സ.ഉ(പി)നം. 259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളും, പുതിയ സ്റ്റോർ പർച്ചേസ് മാനവലിലെ മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കുടുംബശ്രീയുടെ അക്കൗണ്ടിലെ ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ഫണ്ടിൽനിന്നും വീട്, സ്ഥലം വാങ്ങൽ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുകകൾ ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്നു. 2015-16 ലെ കുടുംബശ്രീ ഗ്രൂപ്പിനു നൽകേണ്ടതായിരുന്ന റിവോൾലിംഗ് ഫണ്ട് 10000 രൂപയും ടി അക്കൌണ്ടിലെ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് ലഭ്യമായത് | തുക |
|---|---|
| ജില്ലാ പഞ്ചായത്ത് | 179500 |
| ബ്ലോക്ക് പഞ്ചായത്ത് | 6000 |
| റിവോൾലിംഗ് ഫണ്ട് | 10000 |
| | 195500 |

19-10-2016 ലെ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭിച്ചില്ല. മേലെ കാണിച്ചിട്ടുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്കി ചലാന്റെ പകർപ്പ് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 3-4 ഐ.എ.വൈ. ഭവന നിർമ്മാണം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ അധിക വിഹിതമായി ബ്ലോക്കിലേക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | വിഭാഗം | ബിൽ നമ്പർ & തിയതി | തുക | ഡി.ഡി. നമ്പർ |
|---|---|---|---|---|
| 1. വി.ഇ.ഒ | | | | |
| S0025/16 | എസ്.സി. | 2/15-16 30.6.2015 | 487500 | 432320/3-7-15 |
| S0029/16 | ജനറൽ | 4/15-16 16-10-15 | 238144 | 426603 / 19-10-15 |
| | | 5/15-16 16-10-15 | 181856 | 426604 /19-10-15 |

| | | | | |
|---|---|---|---|---|
| 2. അസിസ്റ്റന്റ് സെക്രട്ടറി | | | | |
| S0175/16 | എസ്.സി | 4/15-16<br>18-1-2016 | 140000 | 431327 / 19-1-16 |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 മീഡിയാശ്രീ പദ്ധതി ചെലവ് വിവരം ലഭ്യമല്ല. തുക തടസ്സപ്പെടുത്തുന്നു

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മീഡിയാശ്രീ പദ്ധതിക്കായി 17-07-2015 ലെ ഡി.ഡി.നം.433064 പ്രകാരം 65000/-രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. എന്നാലിതിന്റെ ചെലവു സംബന്ധിച്ച് യാതൊരു വിവരവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവു വിവരത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികളില്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1.കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 707/8-2-16 | 2575001 | - | - |
| 2. | -ടി- | 824/10-3-16 | 242500 | | - |
| 3. | -ടി- | 623/7-1-16 | 215000 | | - |
| 4.KSEB | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 686/29-1-16 | 199940 | | - |

ക്രമ നം. 2, 4 എന്നിവയ്ക്ക് സ്ഥാപനവുമായി കരാർ വച്ചിട്ടില്ല. ഇത് ത.സ്വ.ഭ വകുപ്പിന്റെ 21.08.2003 ലെ സർക്കുലർ നമ്പർ 40308 ന് വിരുദ്ധമാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | | മുതൽ | |
| ഇ.എം.എസ് ഭവനം | സ.ഉ.നം.427/2010 /ത.സ്വ.ഭ.വ. തി: 6-2-2010 | 9552110 | 2572110 | 1650000 - | 922110 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 2(1) | 2500 | പ്രിൻസിപ്പൽ, കേന്ദ്രീയ വിദ്യാലയ | 11504500019 7-7-15 |
| 2011-12 | 2(3) | 2500 | പാഞ്ചാലിയമ്മൻ ഓഡിറ്റോറിയം | 11504102760 14-9-15 |
| 1997-98 | 2(b) | 1652 | ശ്രീമതി സരസു | 11504104056 12-11-15 |
| 1997-98 | 30A | 40 | കെ.ഫാത്തിമ(UDC) | 11504104194 19-11-15 |

| | | | | |
|---|---|---|---|---|
| 1997-98 | 30B | 35 | ആധവൻ (peon) | 11504104195<br>19-11-15 |
| 2012-13 | 2(1) | 4440 | സോളിഡ് വേയ്സ്റ്റ് മാനേജ്മെന്റ് ലേബേഴ്സ് | 11504104437<br>2-12-15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|
| 2001-02<br>2006-07 | 2-8(a)<br>2-8(b) | 2006-07 | 3-6<br>4-1 | വരവിനങ്ങളിലെ ക്രമക്കേട്, പണാപഹരണം | തുടരുന്നു |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം/തീയതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം |
|---|---|---|---|---|---|
| 1 | പി.എച്ച്.സി. അകത്തേത്തറ | 20.07.2010 | സമർപ്പിച്ചിട്ടില്ല | വിവരങ്ങൾ ലഭ്യമല്ല | |
| 2 | ഗവ. ആയുർവേദ ഡിസ്പെൻസറി | 16.01.2013 | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36596426 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52209681 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 212750 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5000 | | ശ്രീ.കലാധരൻ.വി,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 147750 | ശ്രീമതി. സി.കെ. ഐബി<br>ഹെഡ് മാസ്റ്റർ, ഗവ. യു.പി. സ്കൂൾ |
| 3-5 | 65000 | തുളസിധരൻ. കെ അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തുടർനടപടികൾ |
|---|---|---|
| 1994-95 | എൽ.എഫ്.പി6-125/17-2-98 | " |
| 1995-96 | പുറപ്പെടുവിച്ചിട്ടില്ല. | |
| 1996-97 | എൽ.എഫ്.പി6-251/98/25-9-98 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി6-922/98/2-12-00 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി6-922/98/2-12-00 | ഫർദർ റിമാർക്സ് |
| 1999-00 | എൽ.എഫ്.പി6-1144/01/15-1-02 | ഫർദർ റിമാർക്സ് |
| 2000-01 | എൽ.എഫ്.പി14-945/04/7-11-05 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി14-328/06/18-9-06 | ഫർദർ റിമാർക്സ് |
| 2002-03 | എൽ.എഫ്.പി14-1086/2007/9-1-08 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ്.പി14-1087/2007/9-1-08 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി14-1088/2007/9-1-08 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി14-463/09/30-3-10 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി14-464/09/30-3-10 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി14-465/09/30-3-10 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി14-1229/10/ 28-1-2011 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി14-1230/10/ 28-1-2011 | ,, |
| 2010-11 | എൽ.എഫ്.പി14-1785/12/5-11-12 | ,, |
| 2011-12 | എൽ.എഫ്.പി14-1192/2014/ 4-5-2015 | ,, |
| 2012-13 | നം.കെ.എസ്.എ-പി.കെ.ഡി 14/ 11005/15 | ഫർദർ റിമാർക്സ് |
| 2013-14 | നം.കെ.എസ്.എ-പി.കെ.ഡി 14/1012 /16,21-07-2015 | ഫർദർ റിമാർക്സ് |
| 2014-15 | നം.കെ.എസ്.എ-പി.കെ.ഡി 14/1012 /16,21.7.2016 | ഫർദർ റിമാർക്സ് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

## 1

## ഓഡിറ്റ് സാക്ഷ്യപത്രം

No. KSA-PKD14/210/2017

Kerala State Audit Department
District Audit Office
Palakkad
Dated – 21.01.2017

CERTIFICATE

Certified that I have examined the Annual Financial Statement of AKATHETHARA GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

in my opinion the financial statements of AKATHETHARA GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

AKATHETHARA GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. In permit fee the receipt in the AFS is not agreed with that in the demand register.

2. The demand of profession- Tax (Institutions / traders / professionals) is different from that of demand register.
3. The net surplus / deficit of income over expenditure and the amount carried over to the Balance sheet Shedule B-I are different.

Deputy Director

നം.കെ.എസ്.എ-പികെഡി14/210/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 21.01.2017

<u>സാക്ഷ്യപത്രം</u>

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാണിയംകുളം ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1. പെർമിറ്റ് ഫീ ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിലെ RP-4 ഷെഡ്യൂളിലെ വരവ് ഡിമാന്റ് രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.
2. തൊഴിൽ നികുതി (സ്ഥാപനങ്ങൾ /പ്രൊഫഷണലുകൾ/ വ്യാപാരികൾ) ഇനത്തിൽ AFSലെ I-1 ഷെഡ്യൂളിലെ ഡിമാന്റും, ഡിമാന്റ് രജിസ്റ്ററിലെ തുകയും തമ്മിൽ വ്യത്യാസമുണ്ട്.
3. ഇൻകം & എക്സ്പെണ്ടിച്ചർ സ്റ്റേറ്റ്മെന്റിൽ വർഷാവസാന മിച്ചം / കമ്മി ഫണ്ട് തുക, ബാലൻസ് ഷീറ്റിലെ B-I ഷെഡ്യൂളുലേക്ക് മാറ്റിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ